എ.വൈ.ആർ

**നിങ്ങളെ മനുഷ്യരായി സൃഷ്ടിച്ച് വിവിധ ദേശങ്ങളിലും കാലാവസ്ഥകളിലും ജീവിത സാഹചര്യങ്ങളിലുമായി ചിതറിപ്പരത്തിയത് അല്ലാഹുവാണ്. അവൻ ഇങ്ങനെ ചെയ്തത് നിങ്ങൾ ഇവിടെ കുറെനാൾ ജീവിച്ച ശേഷം മരിച്ചു നശിച്ചുപോകാൻ വേണ്ടി മാത്രമാണെന്ന് തെറ്റിദ്ധരിക്കേണ്ട. ഒരു കർഷകനും മുളച്ചു നശിക്കാൻ വേണ്ടി മാത്രം വയലിൽ വിത്തു വിതക്കാറില്ലല്ലോ. ഒരുനാൾ അയാൾ താൻ വിതച്ചത് മുഴുവൻ കൊയ്തു കൂട്ടുകയും അതിലെ കതിരും പതിരും വേർതിരിക്കുകയും ചെയ്യും.**



وَلَوْ رَحِمْنَٰهُمْ وَكَشَفْنَا مَا بِهِم مِّن ضُرٍّ لَّلَجُّوا۟ فِى طُغْيَٰنِهِمْ يَعْمَهُونَ ٧٥

75\. ജനങ്ങളോടു നാം കനിവു കാട്ടി അവരെ ബാധിച്ച ദുരിതങ്ങൾ ദൂരീകരിച്ചുകൊടുത്താലും അവർ ധർമധിക്കാരത്തിലാണ്ടുതന്നെ വിഹരിക്കുന്നതാകുന്നു.

**75**

وَلَوْ رَحِمْنَٰهُمْ = നാം അവരോ(ജനത്തോ)ട് കരുണ കാട്ടിയാൽ

وَكَشَفْنَا = വെളിവാക്കുകയും (ദൂരീകരിക്കുകയും) ചെയ്താലും

مَا بِهِم مِّن ضُرٍّ = അവരെ ബാധിച്ച ദുരിത(ങ്ങൾ)

لَّلَجُّوا۟ = തീർച്ചയായും അവർ ആണ്ടിറങ്ങി(ആണ്ടു തന്നെ)

فِى طُغْيَٰنِهِمْ = അവരുടെ (ധർമ)ധിക്കാരത്തിൽ

يَعْمَهُونَ = വിഹരിക്കുന്നു(ന്നതാകുന്നു)

ഇവിടെ ഒരു വാക്യം അനുക്തമായിട്ടുണ്ടെന്ന് സന്ദർഭത്തിൽ നിന്ന് വ്യക്തമാകുന്നു. മനുഷ്യരിൽ ദൈവവിചാരമുണ്ടാകുന്നതിനു വേണ്ടി അല്ലാഹു ചിലരെ ഓരോ തരം ക്ലേശങ്ങളിലകപ്പെടുത്തിക്കൊണ്ടിരിക്കും എന്നതാണത്. പിന്നെ അവരോടു കനിയുകയും അവർക്ക് വന്നുപെട്ട ക്ലേശം ദൂരീകരിച്ചുകൊടുക്കുകയും ചെയ്യുന്നു. അതും ആളുകൾക്ക് ദൈവത്തെയും അവന്റെ രക്ഷയെയും കുറിച്ച് ബോധമുണ്ടാകുന്നതിനു വേണ്ടിയാണ്. യഥാർഥ ദൈവത്തെയും അവന്റെ ധർമശാസനകളെയും അംഗീകരിക്കാൻ കൂട്ടാക്കാത്തവർ അപ്പോഴും ധർമധിക്കാര നടപടികളിൽ തന്നെ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയേയുള്ളൂ. ആദ്യം ദുരിതങ്ങൾ വന്നണയുമ്പോൾ ധിക്കാരത്തിനും അഹന്തക്കും തെല്ലൊരു അയവ് വന്നേക്കാം. തങ്ങളുടെ കഴിവുകൾക്കതീതമായ ഒരു ശക്തി ഈ പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും, അവന്റെ ഭരണത്തിനു കീഴിലേ തങ്ങൾക്ക് ജീവിക്കാൻ പറ്റൂ എന്നും ചിന്തിച്ചുവെന്നും വരാം. എന്നാൽ, ആ നിലപാട് തികച്ചും താൽക്കാലികമായിരിക്കും. ദുരിതമകലുന്നതോടെ അവർ അതെല്ലാം വിസ്മരിക്കുന്നു. പിന്നെ നേതാക്കൾ ജനങ്ങളോട് പറയുന്നതിങ്ങനെയായിരിക്കും: ഇത്തരം നല്ല കാലവും ചീത്ത കാലവുമൊക്കെ സമൂഹങ്ങൾ നേരിട്ടുകൊണ്ടേയിരിക്കും. നമ്മുടെ വിശ്വാസവും സംസ്കാരവുമായി അതിന് ബന്ധമൊന്നുമില്ല. നല്ലകാലം കഴിയുന്നത്ര ചൂഷണം ചെയ്യുക, അനുഭവിക്കുക. ബുദ്ധിവൈഭവം കൊണ്ടും ആസൂത്രണ പാടവം കൊണ്ടും ചീത്ത കാലത്തെ അതിജയിക്കുക. ദൈവത്തെയും ധർമത്തെയും അന്വേഷിച്ചു നടന്നാൽ നല്ലകാലം ആസ്വദിക്കാനോ ചീത്ത കാലത്തെ മറികടക്കാനോ കഴിയില്ല. സൂറഃ *യൂനുസ്* 12-ാം സൂക്തത്തിൽ ഇക്കാര്യം അവതരിപ്പിക്കുന്നതിങ്ങനെയാണ്:

وَإِذَا مَسَّ ٱلْإِنسَٰنَ ٱلضُّرُّ دَعَانَا لِجَنۢبِهِۦٓ أَوْ قَاعِدًا

أَوْ قَآئِمًا فَلَمَّا كَشَفْنَا عَنْهُ ضُرَّهُۥ مَرَّ كَأَن لَّمْ يَدْعُنَآ إِلَىٰ ضُرٍّ

مَّسَّهُۥ ۚ كَذَٰلِكَ زُيِّنَ لِلْمُسْرِفِينَ مَا كَانُوا۟ يَعْمَلُونَ ١٢

(മനുഷ്യനെ ക്ലേശം ബാധിച്ചാൽ നിന്നും ഇരുന്നും കിടന്നുമൊക്കെ നമ്മോട് പ്രാർഥിച്ചുകൊണ്ടിരിക്കും. നാം ആ ക്ലേശം അകറ്റിയാലോ അവൻ പീഡബാധയാൽ നമ്മോട് പ്രാർഥിച്ചിട്ടേയില്ല എന്ന മട്ടിൽ നടക്കുകയായി. അതിരു കവിഞ്ഞവർക്ക് അവരുടെ നടപടികൾ ഈവിധം ഭൂഷണമാക്കപ്പെട്ടിരിക്കുന്നു).

'നീ താക്കീതു ചെയ്യുന്ന ആ ദൈവിക ശിക്ഷ ഒന്നിങ്ങു

സംഭവിച്ചു കാണട്ടെ' എന്ന അവിശ്വാസികളുടെ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന പ്രവാചകന് ഒരു സാന്ത്വനവും ഈ വാക്യത്തിലുള്ളതായി ചില പണ്ഡിതന്മാർ നിരീക്ഷിക്കുന്നുണ്ട്. അതായത് ശിക്ഷക്കു വേണ്ടിയുള്ള അവരുടെ വെല്ലുവിളിക്ക് യാതൊരർഥവുമില്ല. ശിക്ഷ കണ്ടാലും അവർ വിശ്വസിക്കാനും പോകുന്നില്ല. ശിക്ഷ നീങ്ങിപ്പോകുന്നതോടെ അവർ പൂർവസ്ഥിതിയിലേക്ക് കൂടുതൽ ആവേശത്തോടെ ആണ്ടുപോവുകയാണുണ്ടാവുക. അതുകൊണ്ട് അവരുടെ വെല്ലുവിളി അതേപടി സ്വീകരിക്കപ്പെടാത്തതിനാലാണവർ അസത്യത്തിലും അധർമത്തിലും തുടരുന്നതെന്ന് ചിന്തിച്ച് പ്രവാചകൻ വിഷമിക്കേണ്ടതില്ല.

'ലജാജി'ൽ നിന്നുള്ള ക്രിയയാണ് لَجُّوا. ഒരു കാര്യത്തിൽ ഗുണദോഷ ചിന്തയില്ലാതെ ശഠിച്ചു നിൽക്കുകയാണ് 'ലജാജ്'. നിരങ്കുശമായ അഹന്തയും ധിക്കാരവും അധർമ പ്രമത്തതയുമാണ് طغيان . يَعْمَهُونَ-ന്റെ മൂലം عمه യാണ്. അലക്ഷ്യമായി അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചു എന്നാണർഥം. ഇതിന് രണ്ട് രൂപമുണ്ട്. വഴിയറിയാതെ ഉഴറി നടക്കുകയാണ് ഒന്ന്. രണ്ട്, വഴിയെപ്പറ്റിയും ലക്ഷ്യത്തെപ്പറ്റിയും വിചാരമില്ലാതെയും അന്വേഷിക്കാതെയും തങ്ങൾ തുടർന്നു വരുന്ന വിശ്വാസങ്ങളിലും ആചാരങ്ങളിലും വിഹരിക്കുക. രണ്ടാമത്തെ ആശയമാണ് ഈ സന്ദർഭത്തിൽ കൂടുതൽ യുക്തം. ■

وَلَقَدْ أَخَذْنَـٰهُم بِٱلْعَذَابِ فَمَا ٱسْتَكَانُوا۟ لِرَبِّهِمْ وَمَا يَتَضَرَّعُونَ ﴿٧٦﴾

**76.** ഈ ജനത്തെയും നാം ദുരിതങ്ങളാൽ പിടികൂടിയിട്ടുണ്ടായിരുന്നു. എന്നിട്ടും അവർ നാഥനോട് എളിമ കാട്ടുകയോ വണക്കത്തോടെ പ്രാർഥിക്കുകയോ ചെയ്തില്ല.

### 76

وَلَقَدْ أَخَذْنَـٰهُم = തീർച്ചയായും നാം അവരെ (ഈ ജനത്തെയും) പിടി കൂടിയിട്ടുണ്ടായിരുന്നു
بِٱلْعَذَابِ = ദുരിതങ്ങളാൽ
فَمَا ٱسْتَكَانُوا۟ = അപ്പോൾ (എന്നിട്ടും) അവർ എളിമ കാട്ടിയില്ല(ട്ടുകയോ)
لِرَبِّهِمْ = അവരുടെ നാഥനോട്
وَمَا يَتَضَرَّعُونَ = വണക്കമുള്ളവരാവുകയോ (വണക്കത്തോടെ പ്രാർഥിക്കുകയോ) ചെയ്തില്ല

മുൻ സൂക്തത്തിന്റെ ആശയത്തിനുള്ള വിശദീകരണവും സാക്ഷ്യവുമാണിത്. മുൻ സൂക്തത്തിൽ പരാമർശിച്ച عذاب തന്നെയാണ് ഇവിടെ പരാമർശിക്കുന്ന عذاب ഉം. സാരമിതാണ്: അഹങ്കാരികളും ധിക്കാരികളുമായ ആളുകളെ അല്ലാഹു പലവിധ പീഡനങ്ങളിലകപ്പെടുത്തിപ്പോന്നിട്ടുണ്ട്. നിങ്ങളുടെയും നിങ്ങളുടെ ചുറ്റുമുള്ള സമുദായങ്ങളുടെയും ചരിത്രം പരിശോധിച്ചാൽ അതിന് എത്രയോ ഉദാഹരണങ്ങൾ കാണാം. അധിക ജനതകളിലും ദുരിതാനുഭവങ്ങൾ കൊണ്ടുള്ള ഉണർത്തലുകൾ ഫലം ചെയ്യാറില്ല. ഈ ഖുറൈശികളും പലതരം ദുരിതങ്ങളനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഇനിയും അത്തരം ഉണർത്തലുകളുണ്ടായാൽ അവർ പാഠം പഠിച്ചുകൊള്ളുമെന്ന് പ്രവാചകൻ പ്രതീക്ഷിക്കേണ്ട. ഈ സൂക്തത്തിൽ هم (അവർ) എന്ന സർവനാമം സൂചിപ്പിക്കുന്നത് മുഹമ്മദ് നബിയുടെ മുന്നിലുണ്ടായിരുന്ന ഖുറൈശികളെയാണെന്നും അതല്ല, ദുരിതങ്ങളാൽ പരീക്ഷിക്കപ്പെട്ടിട്ടും മാനസാന്തരമുണ്ടാവാത്ത പൂർവ സമുദായങ്ങളെയാണെന്നും രണ്ടഭിപ്രായമു ണ്ട്. 'അവർ' പൂർവികരാണെന്നു വെച്ചാലും പ്രഭാഷണ ലക്ഷ്യം ഖുറൈശികളും അനന്തരമുണ്ടാകുന്ന മറ്റു ദൈവധിക്കാരികളുമാണെന്ന കാര്യത്തിൽ തർക്കമില്ല.

سكن (അടങ്ങി)-യിൽ നിന്ന് നിഷ്പാദിതമായ استكان എളിമത്വബോധവും വിനയവുമാണ്. അതിന്റെ ബാഹ്യ പ്രകടനമായ കീഴ്‌വണക്കവും പ്രാർഥനയുമാണ് تضرع.

ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തെക്കുറിച്ച് ഇമാം നസാഇയും ഇമാം ബൈഹഖിയും ഓരോ നിവേദനം ഉദ്ധരിക്കുന്നുണ്ട്. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി നസാഈ ഉദ്ധരിക്കുന്നു: ഖുറൈശി നേതാവ് അബൂസുഫ്‌യാൻ നബി(സ)യുടെ മുന്നിൽ വന്നിട്ടു പറഞ്ഞു: ഓ മുഹമ്മദ്; അല്ലാഹുവിന്റെയും രക്തബന്ധത്തിന്റെയും പേരിൽ ഞാൻ നിന്നോട് അപേക്ഷിക്കുന്നു; ഞങ്ങളിതാ രോമവും ചോരയും തിന്നുന്ന അവസ്ഥയിലെത്തിയിരിക്കുന്നു." ഈ സന്ദർഭത്തിലാണ് ..... وَلَقَدْ أَخَذْنَـٰهُم എന്ന സൂക്തം അവതരിച്ചത്.

ഥുമാമബിൻ ഉഥാൽ അൽ ഹനഫി പറഞ്ഞതായി ബൈഹഖി ഉദ്ധരിക്കുന്നതിങ്ങനെയാണ്: അദ്ദേഹം തടവുകാരനായി നബി(സ)യുടെ മുന്നിൽ ഹാജരാക്കപ്പെട്ടപ്പോൾ നബി(സ) അദ്ദേഹത്തെ വിട്ടയച്ചു. തുടർന്ന് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ച് മക്കയിലേക്ക് പോയി. പിന്നെ തിരിച്ചു

വന്നു. വഴിക്ക് വെച്ച് യമാമയിൽ നിന്ന് മക്കയിലേക്ക് ഭക്ഷ്യ വസ്തുക്കളുമായി പോവുകയായിരുന്ന സംഘത്തെ അദ്ദേഹം തടഞ്ഞു. അങ്ങനെ ഖുറൈശികൾ പട്ടിണിയിലായി. അവർ രോമവും ചോരയും വരെ ഭക്ഷിക്കേണ്ടിവന്നു. ഈ ഘട്ടത്തിൽ അബൂസുഫ്‌യാൻ നബി(സ)യുടെ അടുത്ത് വന്ന് ചോദിച്ചു: "സർവലോകത്തിനും അനുഗ്രഹമായി നിയോഗിക്കപ്പെട്ടവൻ എന്നല്ലേ നിങ്ങൾ വാദിക്കുന്നത്?" പ്രവാചകൻ: "അതേ." അബൂസുഫ്‌യാൻ: "നിങ്ങൾ പിതാക്കന്മാരെ വാളുകൊണ്ട് കൊന്നു; മക്കളെ വിശപ്പുകൊണ്ടും." ഈ സന്ദർഭത്തിൽ ഈ സൂക്തം അവതരിച്ചു.

ഇത്തരം നിവേദനങ്ങളെ ആധാരമാക്കി ولورحمنا... എന്ന സൂക്തം മക്കയിലുണ്ടായ കൊടിയ ക്ഷാമത്തെക്കുറിച്ചും وَلَقَدْ أَخَذْنَٰهُم ... എന്ന സൂക്തം ബദ്‌റിൽ ഖുറൈശികൾക്കുണ്ടായ പരാജയത്തെക്കുറിച്ചുമാണ് സംസാരിക്കുന്നതെന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് സൂക്തങ്ങൾ അവതരിച്ചതെന്ന് വെച്ചാൽ തന്നെയും അവ കൈകാര്യം ചെയ്യുന്നത് ദൈവനിഷേധികളുടെയും ദൈവധിക്കാരികളുടെയും പൊതു സ്വഭാവമാണെന്നതിൽ മാറ്റമുണ്ടാകുന്നില്ല. ■

حَتَّىٰٓ إِذَا فَتَحْنَا عَلَيْهِم بَابًا ذَا عَذَابٍ شَدِيدٍ إِذَا هُمْ فِيهِ مُبْلِسُونَ ﴿٧٧﴾

**77.** ഒടുവിൽ കൊടും പീഡനത്തിന്റെ കവാടം നാം അവർക്കു നേരെ തുറന്നിട്ടപ്പോൾ അവരതാ സകല നന്മകളിലും ഭഗ്നാശരായിത്തീരുന്നു.

**77**

حَتَّىٰٓ إِذَا فَتَحْنَا = അങ്ങനെ (ഒടുവിൽ) നാം തുറന്ന(ന്നിട്ട)പ്പോൾ
عَلَيْهِم = അവരുടെ മേൽ(ർക്കു നേരെ)
بَابًا ذَا عَذَابٍ شَدِيدٍ = കൊടിയ ശിക്ഷയുടെ കവാടത്തെ (കൊടും പീഡനത്തിന്റെ കവാടം)
إِذَا هُمْ = അപ്പോൾ അവരതാ
فِيهِ مُبْلِسُونَ = അതിൽ (സകല നന്മകളിലും) ഭഗ്നാശരാകു(യിത്തീരു)ന്നു

അതായത്, സഹ്യമായ ദുരിതങ്ങളാലുള്ള കുലുക്കൽ കൊണ്ടൊന്നും അഹന്തയുടെയും ധിക്കാരത്തിന്റെയും ഗാഢനിദ്രയിൽ നിന്ന് അവർ ഉണരുകയില്ല. അധർമവും ധിക്കാരവും അതിന്റെ ഉച്ചകോടിയിലെത്തുകയും ഈ ലോകത്തു നിന്ന് തുടച്ചുനീക്കപ്പെടേണ്ടത് അനിവാര്യമായിത്തീരുകയും ചെയ്യുന്നതുവരെ അവർ മുന്നോട്ടുതന്നെ പോയിക്കൊണ്ടിരിക്കും. അങ്ങനെയൊടുവിൽ അല്ലാഹു അവർക്കു നേരെ കൊടൂരമായ ശിക്ഷയുടെ കവാടം തുറന്നിടുന്നു. അതിനു ശേഷം ഒരു സമുദായത്തിനും വീണ്ടെടുപ്പിന് അവസരം ലഭിക്കുകയില്ല. പിന്നീട് അവർക്ക് ഒന്നും ആശിക്കാനോ പ്രതീക്ഷിക്കാനോ ഇല്ല. എല്ലാ രക്ഷാമാർഗങ്ങളും കൊട്ടിയടക്കപ്പെടുന്നു. ഇതാണ് إِذَا هُمْ فِيهِ مُبْلِسُونَ എന്ന സൂക്താന്ത്യത്തിന്റെ താൽപര്യം. എല്ലാ നന്മകളിലും നിരാശപ്പെടുക എന്ന അർഥത്തിലുള്ള ابلاس-ൽ നിന്നുള്ള കർതൃപദമാണ് مُبْلِسُونَ. ഇതിന്റെ മറ്റൊരു രൂപമാണ് ابليس. ശാപവും ഭർത്സനവും ശാശ്വത നരകവുമല്ലാത്തതൊന്നും പ്രതീക്ഷിക്കാനാവാത്ത അവസ്ഥയിലെത്തിയതുകൊണ്ടാണ് ചെകുത്താൻ ഇബ്‌ലീസ് ആയത്. ■

وَهُوَ ٱلَّذِىٓ أَنشَأَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۚ قَلِيلًا مَّا تَشْكُرُونَ ﴿٧٨﴾

**78.** അവനാകുന്നു നിങ്ങൾക്ക് കേൾവിയും കാഴ്ചയും ചിന്തിക്കുന്ന മനസ്സും ഉണ്ടാക്കിത്തന്നത്. എത്ര കുറച്ചേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ.

**78**

وَهُوَ ٱلَّذِىٓ أَنشَأَ لَكُمُ = നിങ്ങൾക്ക് ഉണ്ടാക്കിത്തന്നത് അവനാകുന്നു
ٱلسَّمْعَ وَٱلْأَبْصَٰرَ = കേൾവിയും കാഴ്ചകളും
وَٱلْأَفْـِٔدَةَ = (ചിന്തിക്കുന്ന) മനസ്സുകളും
قَلِيلًا مَّا تَشْكُرُونَ = (എത്ര) കുറച്ചേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ

ഇനി മനുഷ്യവംശത്തെ മുഴുവൻ സംബോധന ചെയ്തുകൊണ്ട് ഉണർത്തുകയാണ്: നിങ്ങൾക്ക് വേണ്ടതെല്ലാം അല്ലാഹു ഈ ലോകത്ത് സജ്ജീകരിച്ചിരിക്കുന്നു. ഓരോ ജീവിക്കും അതിന്റെ ധർമം നിറവേറ്റാനാവശ്യമായ വിഭവങ്ങളെല്ലാം നൽകിയിരിക്കുന്നു. നിങ്ങളുടെ അവസ്ഥയെക്കുറിച്ചാലോചിച്ചു നോക്കുക. ജീവിതം നിലനിർത്താനും വികസിപ്പിക്കാനും അനിവാര്യമായ ഇന്ദ്രിയശേഷികളും, ഇന്ദ്രിയാനുഭവങ്ങളെ മനനം ചെയ്ത് വിജ്ഞാനങ്ങളാർജിക്കാൻ

പര്യാപ്തമായ ചിന്താശേഷിയുള്ള മനസ്സും അല്ലാഹു നിങ്ങൾക്ക് കനിഞ്ഞരുളിയിരിക്കുന്നു. ഈ ഇന്ദ്രിയങ്ങളും മനസ്സും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളുടെ ജീവിതം എന്താകുമായിരുന്നുവെന്ന് ചിന്തിച്ചു നോക്കുക. ഇന്ദ്രിയങ്ങളിൽ കണ്ണും കാതും മാത്രമേ ഇവിടെ പരാമർശിച്ചിട്ടുള്ളൂ. പഞ്ചേന്ദ്രിയങ്ങളിൽ ഏറ്റം പ്രധാനവും, ജ്ഞാനമാർജിക്കാനും ആശയങ്ങൾ കരുപ്പിടിപ്പിക്കാനും മനസ്സിനെ ഏറ്റവും സഹായിക്കുന്നതും ഈ ഇന്ദ്രിയങ്ങളാണല്ലോ. നവജാത ശിശുക്കളിൽ ആദ്യം പ്രവർത്തനക്ഷമമാകുന്ന ഇന്ദ്രിയമാണ് ചെവി. പ്രസവിക്കുമ്പോൾ തന്നെ ശിശുക്കൾക്ക് കേൾവിയുണ്ടാകുന്നു. ദിവസങ്ങൾക്കു ശേഷമേ കാഴ്ചശക്തി പ്രവർത്തനക്ഷമമാകൂ. ഏറെ വിശാലമായ ഇന്ദ്രിയവും കാതു തന്നെ. മുന്നിലും പിന്നിലും ഇടത്തും വലത്തും മുകളിലും താഴെയും ഉണ്ടാകുന്ന ഒച്ചകളെല്ലാം ഒരേ സമയം കേൾക്കാം. അതേസമയം മുഖത്തിന്റെ ദിശയിലുള്ള വസ്തുവിന്റെ, മുഖത്തിനു നേരെയുള്ള വശമേ ഒരു സമയത്ത് കാണാൻ പറ്റൂ. അതിന്റെ പിൻഭാഗമോ ഇടതു-വലതു ഭാഗങ്ങളോ കാണാൻ പറ്റില്ല. ഒരു വസ്തുവിനെ രണ്ട് ദിശയിൽ നിന്നു നോക്കുന്നവർക്ക് അനുഭവപ്പെടുന്ന ദൃശ്യം വ്യത്യസ്തമായിരിക്കും. ഒരു വസ്തുവിനെ ഒരാൾ തന്നെ പല ദിശയിൽ നിന്ന് നോക്കിയാൽ ലഭിക്കുന്ന ദൃശ്യവും വ്യത്യസ്തമായിരിക്കും. അതുകൊണ്ടാണ് കാത് അല്ലെങ്കിൽ കേൾവി ഏകവചനത്തിൽ പറഞ്ഞപ്പോൾ കാഴ്ചകൾ അല്ലെങ്കിൽ കണ്ണുകൾ എന്ന് ബഹുവചനമായി പറഞ്ഞതെന്ന് ചില ചിന്തകന്മാർ അഭിപ്രായപ്പെടുന്നു. ഖുർആൻ ചിലയിടത്ത് കാഴ്ചയെ بصر എന്ന് ഏകവചനത്തിലും ചിലയിടത്ത് ابصار എന്ന് ബഹുവചനത്തിലും പരാമർശിച്ചിട്ടുണ്ട്. കേൾവിയെ سمع എന്ന് എല്ലായിടത്തും ഏകവചനത്തിലേ പരാമർശിക്കുന്നുള്ളൂ. سمع-ന്റെ മൗലികമായ അർഥം കേൾവി എന്നും بصر -ന്റെ മൗലികമായ അർഥം കാഴ്ച എന്നുമാണ്. ഖുർആൻ ഈ പദങ്ങളെ കാത്, കണ്ണ് എന്നീ അർഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. فؤاد -ന്റെ ബഹുവചനമാണ് أفئدة. ചിന്തയുടെയും വികാരങ്ങളുടെയും കേന്ദ്രമായ മനസ്സാണിതുകൊണ്ടുദ്ദേശ്യം.

മഹത്തായ ഈ ദൈവാനുഗ്രഹങ്ങളെ വിലമതിക്കുന്നതിൽ മനുഷ്യൻ അനുവർത്തിക്കുന്ന അശ്രദ്ധയുടെയും അനാസ്ഥയുടെയും ശോചനീയത വെളിപ്പെടുത്തുകയാണ് قَلِيلًا مَّا تَشْكُرُونَ എന്ന പിൻ വാക്യം. അനുഗ്രഹത്തെ അർഹിക്കുന്ന മൂല്യം കൽപിച്ചു പരിഗണിക്കുകയാണ് شكر (നന്ദി)ന്റെ യാഥാർഥ്യം. അനുഗ്രഹത്തെ ഏറ്റവും നല്ല രീതിയിൽ പ്രയോജനപ്പെടുത്തുകയും അനുഗ്രഹദാതാവിനോട് കൂറും വിധേയത്വവും പുലർത്തുകയും ചെയ്യുകയെന്നത് അനുഗ്രഹങ്ങളെ വിലമതിക്കുന്നതിന്റെ അനിവാര്യ താൽപര്യമാകുന്നു. ഇത്രയും അമൂല്യമായ അനുഗ്രഹങ്ങൾ ലഭിച്ചിട്ട് അതിന്റെ വില മനസ്സിലാക്കാതെ തോന്നിയ പോലെ ഉപയോഗിച്ചു പാഴാക്കിക്കളയുന്നത് ശോചനീയമാണ്. ■

وَهُوَ ٱلَّذِى ذَرَأَكُمْ فِى ٱلْأَرْضِ وَإِلَيْهِ تُحْشَرُونَ ﴿٧٩﴾

**79.** നിങ്ങളെ ഭൂമിയിൽ പരത്തിയതും അവനാകുന്നു. ഒടുവിൽ അവങ്കലേക്കുതന്നെ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നതുമാകുന്നു.

**79**

وَهُوَ ٱلَّذِى ذَرَأَكُمْ فِى ٱلْأَرْضِ = നിങ്ങളെ ഭൂമിയിൽ പരത്തിയതും അവനാകുന്നു

وَإِلَيْهِ تُحْشَرُونَ = (ഒടുവിൽ) അവങ്കലേക്കു(തന്നെ) നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നതുമാകുന്നു

അന്ത്യനാളിനെയും വിചാരണാ സഭയെയും കുറിച്ചുണർത്തുകയാണീ സൂക്തം. ذرأ -ക്ക് സൃഷ്ടിച്ചു, വിത്തു വിതച്ചു, പരത്തി എന്നും അർഥമുണ്ട്. ഖുർആൻ ചില സ്ഥലങ്ങളിൽ സൃഷ്ടിച്ചു എന്ന അർഥത്തിലും ചില സ്ഥലങ്ങളിൽ സൃഷ്ടിച്ചു, പരത്തി എന്നെല്ലാം രണ്ടർഥങ്ങൾ ഉദ്ദേശിച്ചുകൊണ്ടും ഈ പദം ഉപയോഗിച്ചിരിക്കുന്നു. وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ ٱلْجِنِّ وَٱلْإِنسِ (കുറെ ജിന്നുകളെയും മനുഷ്യരെയും നാം നരകത്തിനായി സൃഷ്ടിച്ചിരിക്കുന്നു- 7:179). പ്രകൃത സൂക്തം രണ്ടർഥവും ഒരുമിച്ചുദ്ദേശിച്ചതിനുദാഹരണമാകുന്നു.താൽപര്യമിതാണ്: നിങ്ങളെ മനുഷ്യരായി സൃഷ്ടിച്ച് വിവിധ ദേശങ്ങളിലും കാലാവസ്ഥകളിലും ജീവിത സാഹചര്യങ്ങളിലുമായി ചിതറിപ്പരത്തിയത് അല്ലാഹുവാണ്. അവൻ ഇങ്ങനെ ചെയ്തത് നിങ്ങൾ ഇവിടെ കുറെനാൾ ജീവിച്ച ശേഷം മരിച്ചു നശിച്ചുപോകാൻ വേണ്ടി മാത്രമാണെന്ന് തെറ്റിദ്ധരിക്കേണ്ട. ഒരു കർഷകനും മുളച്ചു നശിക്കാൻ വേണ്ടി മാത്രം വയലിൽ വിത്തു വിതക്കാറില്ലല്ലോ. ഒരുനാൾ അയാൾ താൻ വിതച്ചത് മുഴുവൻ കൊയ്തു കൂട്ടുകയും അതിലെ കതിരും പതിരും വേർതിരിക്കുകയും ചെയ്യും. അതുപോലെ നിങ്ങളെ ഈ ഭൂമിയിൽ വിതച്ചവൻ ഒരുനാൾ നിങ്ങളെയും തന്റെ കളത്തിൽ ഒരുമിച്ചുകൂട്ടും. അവൻ വിതച്ച വിളയിൽ മറ്റാർക്കും ഒരു പങ്കുമുണ്ടാവില്ല. ആലോചിച്ചു നോക്കുക, ഈ കൊച്ചു വചനത്തിൽ ഉയിർന്നെഴുന്നേൽപിന്റെ ന്യായവും വിചാരണയുടെ അനിവാര്യതയും ദൈവത്തിന്റെ ഏകത്വത്തിന്റെ തെളിവും എത്ര സുന്ദരമായിട്ടാണടക്കം ചെയ്തിരിക്കുന്നത്! ■